"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - ജീവനക്കാര്യം - പുതുതായി അനുവദിച്ച 7 സബ് ആർ.ടി ഓഫീസുകളിലേക്ക് താൽക്കാലികമായി തസ്തികകൾ പുനർവിന്യസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത (സി) വകുപ്പ്**

സ.ഉ.(സാധാ) നം.543/2022/TRANS തീയതി,തിരുവനന്തപുരം, 28-12-2022

പരാമർശം:- 1.

2.

**ഉത്തരവ്**

പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിൽ കൊണ്ടോട്ടി, രാമനാട്ടുകര (ഫറോക്ക്), പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ സ്ഥലങ്ങളിൽ 7 പുതിയ സബ് ആർ.ടി. ഓഫീസുകൾ അനുവദിച്ചുകൊണ്ടും ടി ഓഫീസുകളിൽ ഓരോന്നിലും ചുവടെ പട്ടികയിൽ പറയുന്ന എണ്ണം തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സർക്കാർ ഉത്തരവാകുകയുണ്ടായി.

| ക്രമ നമ്പർ | തസ്തിക | ഒരു സബ് ആർ.ടി. ഓഫീസിലേക്കുള്ള തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 1 |
| 2 | മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 1 |
| 3 | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 2 |
| 4 | ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് | 1 |
| 5 | സീനിയർ ക്ലാർക്ക് | 1 |
| 6 | ക്ലാർക്ക് | 1 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 (ദിവസ വേതനം) |
| 8 | ഡ്രൈവർ | 1 (ദിവസ വേതനം) |
| 9 | കാഷ്വൽ സ്വീപ്പർ | 1 |

2. ടി ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുക്കുമ്പോൾ മേൽ അനുവദിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ തികച്ചും അപര്യാപ്തമാണെന്നും, നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള പരിമിതമായ എണ്ണം ഉദ്യോഗസ്ഥരെ മാത്രം വച്ച് ഓഫീസ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോവുക തികച്ചും ദുഷ്കരമാണെന്നും അടിയന്തര സാഹചര്യങ്ങളിൽ ജീവനക്കാർക്ക് അവധി അനുവദിക്കേണ്ടി വന്നാൽ ഓഫീസ് പ്രവർത്തനം പ്രതിസന്ധിയിലാകുന്ന അവസ്ഥയാണുള്ളത് എന്നും ആയതിനാൽ പുതുതായി രൂപീകരിച്ച ഓഫീസുകളിലേക്ക് അധിക തസ്തികകൾ അനുവദിക്കുന്നതു വരെ മറ്റ് ഓഫീസുകളിൽ നിന്നും ഹെഡ്ക്ലാർക്കിന്റെയും, ക്ലാർക്കിന്റെയും, ഓഫീസ് അറ്റൻഡിന്റെയും തസ്തികകൾ കൊണ്ടോട്ടി, രാമനാട്ടുകര(ഫറോക്ക്), പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ സബ് ആർ ടി

ഓഫീസുകളിലേക്ക് താൽക്കാലികമായി ഷിഫ്റ്റ് ചെയ്യുവാൻ പരാമർശം (2) പ്രകാരം ഗതാഗത കമ്മീഷണർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഗതാഗത കമ്മീഷണറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, പുതുതായി രൂപീകരിച്ച ഓഫീസുകളിലേക്ക് അധിക തസ്തികകൾ അനുവദിക്കുന്നത് വരെ ചുവടെ പറയും പ്രകാരം തസ്തികകൾ താത്കാലികമായി ഷിഫ്റ്റ് ചെയ്യാൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഓഫീസ് | തസ്തിക | താത്കാലികമായി തസ്തിക ഷിഫ്റ്റ് ചെയ്യുന്ന ഓഫീസ് |
|---|---|---|---|
| 1. | ആറ്റിങ്ങൽ ആർ.ടി. ഓഫീസ് | ഹെഡ് ക്ലാർക്ക് - 1<br>ക്ലാർക്ക് - 1 | വർക്കല<br>സബ് ആർ.ടി. ഓഫീസ് |
| 2. | കൊട്ടാരക്കര സബ് ആർ.ടി. ഓഫീസ് | ക്ലാർക്ക് - 1 | പത്തനാപുരം, സബ് ആർ.ടി. ഓഫീസ് |
| 3. | പുനലൂർ സബ് ആർ.ടി. ഓഫീസ് | ക്ലാർക്ക് - 1 | ചടയമംഗലം സബ് ആർ.ടി. ഓഫീസ് |
| 4. | റാന്നി സബ് ആർ.ടി. ഓഫീസ് | ക്ലാർക്ക് - 1 | കോന്നി<br>സബ് ആർ.ടി. ഓഫീസ് |
| 5. | പത്തനംതിട്ട ആർ.ടി. ഓഫീസ് | O.A - 1 | കോന്നി<br>സബ് ആർ.ടി. ഓഫീസ് |
| 6. | കോഴിക്കോട് ആർ.ടി. ഓഫീസ് | ഹെഡ് ക്ലാർക്ക് - 1<br>ക്ലാർക്ക് - 1 | രാമനാട്ടുര<br>സബ് ആർ.ടി. ഓഫീസ് |
| 7. | കണ്ണൂർ ആർ.ടി. ഓഫീസ് | ഹെഡ് ക്ലാർക്ക് - 1<br>ക്ലാർക്ക് - 1 | പയ്യന്നൂർ<br>സബ് ആർ.ടി. ഓഫീസ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

നിർദ്ദിഷ്ട ട്രഷറി (ഗതാഗത കമ്മീഷണർ മുഖാന്തിരം)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ